CELLA SPACE LIMITED
CIN:L93000KL1991PLC006207
Regd Office: “SREE KAILAS”,57/2993-94, PALIAM ROAD, ERNAKULAM, COCHIN- 682 016
Phone: (0484) 2382182, E-mail: secretary@sreekailas.com, Website: www.sreekailas.com

14th July 2026

To
The Manager,
Listing Department
BSE Limited
Phiroze Jeejeebhoy Towers
Dalal Street, Mumbai 400001

Dear Sir/ Madam,

Sub:	**Newspaper Publication regarding Standalone Unaudited Financial Results for the Quarter ended June 30, 2026 – Pursuant to Regulation 47 of SEBI (Listing Obligations & Disclosure Requirements) Regulations, 2015.**

Enclosed herewith the Newspaper Publication regarding Standalone Unaudited Financial Results for the quarter ended June 30, 2026 published in “Financial Express” & “Deepika” on July 14, 2026. The results were approved by the Board of Directors at their meeting held on July 13, 2026.

Requesting to kindly take note of the same.

Thanking You

For Cella Space Limited

CELLA SPACE LIMITED
Cochin

S Rajkumar (DIN: 01790870)
Vice Chairman & Managing Director

FIRMS INCREASINGLY SEEK AI-SKILLED FRESHERS

AI, Gulf tensions cast shadow over law school placements

JYOTSNA BHATNAGAR
Ahmedabad, July 13

WITH DAY ZERO 2027 for India's top law schools just weeks away, campuses are bracing for one of the most uncertain placement seasons in recent years. Rapid AI adoption and geopolitical tensions in the Gulf are prompting law firms to rethink hiring, even as students complain of shrinking opportunities and opaque recruitment processes.

Industry insiders say the associate zero (A0) base—the entry-level rung at law firms—has shrunk as AI increasingly handles routine legal work, while firms also seek to recover the costs of deploying these technologies.

Rohit Jain, managing partner at Singhania & Co, says placements may face "a selective squeeze, not a collapse". While the Gulf conflict could hurt employer confidence through higher oil prices, inflation and currency volatility, he adds that "companies implementing AI will increasingly seek AI-skilled freshers."

Aashna Jain, career strategist and founder of RisGraph, says AI is only one part of the story.

"Law firms are generating strong revenues but hiring remains muted. After the post-Covid hiring spree of 2022, firms are still correcting. They are also reluctant to overstaff at the junior level when AI can perform much of the routine work, and are less willing to invest in training fresh graduates," she says.

Students say the recruitment process itself has become far less predictable.

Earlier, pre-placement offers (PPOs) and Day Zero hiring across the top National Law Universities (NLUs) followed a relatively transparent schedule. This year, firms are approaching campuses individually and at different times, often insisting that students keep the process confidential.

"Firms are reaching out at different times, creating chaos on campuses," says a faculty member at a leading law school.

A final-year student at a top NLU and member of the recruitment coordination committee says firms are giving little clarity on hiring numbers through either PPOs or Day Zero. The students also allege that some firms are reneging on commitments.

"I've seen firms withdraw offers citing restructuring, delay recruitment for months, or offer assessment internships without meaningful assessments. Students lose out on other opportunities in the process," the student says.

Aashna Jain says such complaints have become common.

"I've received numerous distress calls from students whose PPOs have been withdrawn. Many firms are unusually cagey about hiring plans. One reputed law firm even instructed students not to disclose its recruitment drive to other campuses."

The developments have drawn comparisons with engineering placements. Following large-scale job losses among IIT graduates, the All IITs Placement Committee recently introduced norms requiring recruiters to honour offers or compensate candidates with three months' salary, failing which they face a placement ban. "It is time the NLUs considered a similar framework," the student says.

Recruiters, however, argue that AI has changed the nature of hiring more than its overall volume. While legal hiring has not fallen dramatically, firms increasingly expect candidates to be comfortable with AI-enabled workflows and legal technology platforms. Beyond legal knowledge, graduates are now expected to understand which AI tools are relevant to their practice areas and how to use them effectively.

Multinational corporations have become more cautious about entry-level hiring while continuing to recruit at the mid and senior levels. Startups and global capability centres (GCCs), meanwhile, continue to hire younger lawyers who are technologically adept and able to shoulder wider responsibilities.

Interview conversations now routinely include questions on legal technology and AI.

REVAMPED HIRING

- Entry-level rung at law firms has shrunk as AI increasingly handles routine legal work, say industry insiders
- Firms also seek to recover costs of deploying technologies
- Firms are reluctant to overstaff at junior level when AI can perform much of the routine work, says a strategist
- Startups, GCCs continue to hire younger lawyers who are technologically adept

THE FINAL FOUR

A RECORD 48 NATIONS were involved over a month-long gruelling battle across 16 venues as the FIFA World Cup 2026 has reached its climax – four best teams fighting it out for the ultimate glory. For the first time, FIFA's top four ranked nations will be playing the semi-finals. France (1) play Spain (3) in Texas, while defending champions Argentina (2) faces England (4) in Atlanta. **Ankit Pattnaik** tracks the journey of the former champions.



FRANCE

Les Bleus led by **Kylian Mbappe** and ably supported by Ousmane Dembélé, Michael Olise and Bardley Barcola form the most potent attack on the field

Played	Won	Goals scored	Goals conceded
6	6	16	2

Leading scorer – Mbappe: 8 goals, 3 assists (leading the Golden Boot race)

ARGENTINA

With a mission to defeat 'winner's curse', the *Albicelestes* led by **Lionel Messi**, have remained unbeaten so far amid on-field controversies and alleged VAR interruptions

Played	Won	Goals scored	Goals conceded
6	6	17	6

Leading scorer – Messi: 8 goals, 2 assists

SPAIN

Despite Lamine Yamal's poor show, the *La Roja* have conceded just 1 goal. **Oyarzabal** & Merino have replicated the likes of Iniesta & Xavi

Leading scorer: Mikel Oyarzabal: 4 goals, 1 assist

Played	Won	Draw	Goals scored	Goals conceded
6	5	1	11	1

HEAD-TO-HEAD

The Zinedine Zidane-led France won 3-1 in the only match-up in World Cup history between the European giants

ENGLAND

The *Three Lions* led by Harry Kane are destined to rewrite history, six decades since their ultimate glory that came under Bobby Moore

Played	Won	Draw	Goals scored	Goals conceded
6	5	1	13	6

Leading scorer(s) Kane & Jude Bellingham: 6 goals & 1 assist each

HEAD-TO-HEAD

England lead 3-2 against Argentina in WCs with the most famous fixtures being the 1966 QF and Diego Maradona's "Hand of God" in the 1986 QF

France, Spain lock horns in epic showdown

SANDIP G
New York, July 13

Kylian Mbappe and teammates have been clinical throughout the FIFA World Cup for France. Meanwhile, Spain, with a strong defence has just conceded a solitary goal so far AP/REUTERS

BEHIND FRANCE'S RELENTLESS attack is a 24-year-old conductor with dreadlocks and instincts that seem borrowed from another era. Behind Spain's impenetrable defence is a 19-year-old whose composure belongs to a man twice his age. The France versus Spain semifinal in Dallas is many things at once: a tactical chess match, a collision of European giants, a game that deserved to be a final. Above all, it is a window into football's future.

Some of these players are already superstars. Kylian Mbappe is only 26, arguably not yet at his peak. But it is the names beyond Mbappe that hum with possibility, players who could fill the vast space Messi and Ronaldo, Modric and De Bruyne, will eventually leave behind.

Michael Olise is the fulcrum of France's machine. Before this World Cup, he was known chiefly to European football devotees. Now he is unmissable, a playmaker of equal parts intuition and intelligence, running the French show with his passing, movement and energy. In full flight, he is a joy to watch, all snake-hipped pirouettes and delectable touches, a man who seems to have more time on the ball than physics should allow. He uses that time to bend games to his will.

The players around Olise only deepen the alarm for France's rivals. Desire Doue, operating to Olise's left, has explosive pace, immaculate control and the kind of versatility that leaves managers debating where best to deploy him. Bradley Barcola, only 23, offers similar electricity from the other flank.

Spain offer a parallel vision. Lamine Yamal who turned 19 recently, is already spoken of as the player who will carry Messi's torch. He has more club goals and assists than either Messi or Ronaldo had at his age, and is the most purely entertaining player at this tournament. His left foot bends to his imagination.

On the flanks, Nico Williams and Alex Baena, both 24, provide different but complementary threats. Williams, still working his way back from injury and limited to cameos, can be as devastating as Yamal on his day. Baena is less flashy but craftier, with a hammer for a right foot that opponents underestimate at their cost.

If Yamal is Spain's figurehead, then Pedri and Pau Cubarsi form the nucleus. Pedri, 23, is the metronome. Even in the tightest spaces he finds passing lanes, rarely loses the ball, and has the rare gift of making time seem to expand around him. Xavi, who coached him at Barcelona, once said: "Pedri has no ceiling." His football at its best is improvised art, a throwback to Spain's tiki-taka peak. So deep is the Spanish midfield that 21-year-old Gavi, world-class in his own right, has barely featured.

Dallas cannot come soon enough.

വികസിത് ഭാരത് പദ്ധതി: കേന്ദ്ര സംഘം ജില്ലയിൽ

കൊച്ചി: കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ വികസിത് ഭാരത് ഗ്യാരണ്ടി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ) പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്തുന്നതിനായി കേന്ദ്ര ഉദ്യോഗസ്ഥ സംഘം എറണാകുളം ജില്ലയിലെത്തി. 15 വരെ എറണാകുളം, തിരുവനന്തപുരം ജില്ലകളിലാണ് സംഘം സന്ദർശനം നടത്തുന്നത്. മന്ത്രാലയം ജോയിന്റ് സെക്രട്ടറി എം.ജി. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി പ്രദീപ് കുമാർ, അണ്ടർ സെക്രട്ടറി മേരി തോമസ് എന്നിവരടങ്ങുന്ന സംഘമാണ് എത്തിയത്.

എറണാകുളം ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന യോഗത്തിൽ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററും ജില്ലാ കളക്ടറുമായ ജി. പ്രിയങ്ക, മിഷൻ ഡയറക്ടർ ഡി. രഞ്ജിത്ത്, ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ പി എച്ച് ഷൈൻ എന്നിവരുമായി സംഘം പദ്ധതികൾ ചർച്ച ചെയ്തു.

തുടർന്ന് ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ നടന്ന പരിശീലന പരിപാടിയിൽ പങ്കെടുത്ത കേന്ദ്രസംഘം ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുമായി ആശയവിനിമയം നടത്തി. ശേഷം ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുമായി ചർച്ച നടത്തുകയും വിവിധ വർക്ക്സൈറ്റുകൾ നേരിട്ട് സന്ദർശിച്ച് പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും ചെയ്തു.

ലെയോ പതിനാലാമൻ മാർപാപ്പയുടെ പേപ്പൽ ബഹുമതി (ചാപ്ലിൻ ടു ഹിസ് ഹോളിനെസ്) ലഭിച്ച വരാപ്പുഴ അതിരൂപതയുടെ വികാരി ജനറാൾമാരായ മോൺ. മാത്യു കല്ലിങ്കലിനും മോൺ. മാത്യു ഇലഞ്ഞിമിറ്റത്തിനും ആർച്ച്ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ സ്ഥാനചിഹ്നങ്ങൾ നൽകിയപ്പോൾ. സഹായമെത്രാൻ ഡോ. ആന്റണി വാലുങ്കൽ സമീപം.

വരാപ്പുഴ അതിരൂപതയിൽ രണ്ടു വൈദികർക്കു പേപ്പൽ ബഹുമതി

കൊച്ചി: വരാപ്പുഴ അതിരൂപതയുടെ വികാരി ജനറാൾമാരായ മോൺ. മാത്യു കല്ലിങ്കലിനും മോൺ. മാത്യു ഇലഞ്ഞിമിറ്റത്തിനും ലെയോ പതിനാലാമൻ മാർപാപ്പയുടെ പേപ്പൽ ബഹുമതി (ചാപ്ലിൻ ടു ഹിസ് ഹോളിനെസ്). അതിരൂപത വൈദിക സമ്മേളനത്തിൽ ആർച്ച്ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ സ്ഥാനചിഹ്നങ്ങൾ നൽകി ഇരുവരെയും ആദരിച്ചു. സഹായമെത്രാൻ ഡോ. ആന്റണി വാലുങ്കൽ ആശംസകൾ നേർന്നു.

എറണാകുളം സെന്റ് ഫ്രാൻസിസ് അസീസി കത്തീഡ്രൽ ഇടവകാംഗമായ മോൺ. മാത്യു കല്ലിങ്കൽ അതിരൂപതയുടെ പ്രൊക്യുറേറ്റർ, ഇഎസ്എസ്എസ് ഡയറക്ടർ, അസീസി വിദ്യാനികേതൻ ഇൻസ്റ്റിറ്റ്യൂഷൻസ് ഡയറക്ടർ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

മരട് മേരി മഗ്ദലിൻ ഇടവകാംഗമായ മോൺ. മാത്യു ഇലഞ്ഞിമിറ്റം തോട്ടക്കാട്ടുകര പള്ളി വികാരി, മൈനർ സെമിനാരി റെക്ടർ, ഓസ്ട്രിയയിൽ വികാരി എന്നീ നിലകളിലും സേവനം ചെയ്തു.

പാലാ രൂപത കുടുംബസംഗമം 19ന് കുറവിലങ്ങാട്ട്

പാലാ: രൂപത ഫാമിലി അപ്പൊസ്തലേറ്റിന്റെ ശുശ്രൂഷ മേഖലകളായ മാതൃവേദി, പിതൃവേദി, പ്രോലൈഫ് സമിതികളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കുടുംബസംഗമം 19ന് ഉച്ചകഴിഞ്ഞ് രണ്ട് മുതൽ കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ച്ഡീക്കൻ തീർഥാടന ദേവാലയത്തിൽ നടത്തും.

പാലാ രൂപതയിലെ 20 ഫൊറോനകളിൽ നിന്നുള്ള മാതാപിതാക്കൾ സംഗമത്തിൽ പങ്കെടുക്കും. സമൂഹത്തിൽ നിന്ന് ഉയർന്നു വരുന്നതും കാലാകാലങ്ങളിൽ കുടുംബങ്ങൾ നേരിടുന്നതുമായ വിവിധ പ്രശ്നങ്ങളെ അതിജീവിക്കാൻ പാലാ രൂപതയിൽ രൂപീകൃതമായ ശുശ്രൂഷ മേഖലയാണ് ഫാമിലി അപ്പോസ്തലേറ്റ്. നല്ല കുടുംബങ്ങൾ കെട്ടിപ്പടുക്കാൻ ഓരോ വ്യക്തികളെയും സഹായിക്കുന്ന ഫാമിലി അപ്പോസ്തലേറ്റിന്റെ ഏഴ് കർമമേഖലകളാണ് മാതൃവേദി, പിതൃവേദി, പ്രോലൈഫ് സമിതി, മധ്യോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാമിലി, ഹോംമിഷൻ, വിവാഹ ഒരുക്കസെമിനാർ, വിവിധക്ഷേമ പദ്ധതികൾ തുടങ്ങിയവ. രൂപതാധ്യക്ഷനോട് ഒന്നുചേർന്നുള്ള ഈ സംഗമത്തിൽ നാലായിരത്തിൽപരം മാതാപിതാക്കൾ ഒന്നിച്ചു ചേരും.

ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്യും. പാലാ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, കുറവിലങ്ങാട് ആർച്ച് പ്രീസ്റ്റ് ഫാ. ഡോ. തോമസ് മേനാച്ചേരി, ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ജോസഫ് നരിതൂക്കിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു കാടൻകാവിൽ, സംഘടനകളുടെ രൂപത പ്രസിഡന്റുമാരായ ജോസ് തോമസ് മുത്തനാട്ട്, ഷേർളി ചെറിയാൻ മാത്തിൽപറമ്പിൽ, മാത്യു എം. കുര്യാക്കോസ് മാത്തിൽ എന്നിവർ പ്രസംഗിക്കും. ഭാരവാഹികളായ സെബാസ്റ്റ്യൻ തോമസ് പനയ്ക്കക്കുഴി, ബിൻസ് ജോസ് തൊടുകയിൽ, തങ്കച്ചൻ പി.എം. പുളിയൻപറമ്പിൽ, ജോർജ് ടിക്സൺ മണിമലത്തട്ടത്തിൽ, ജോർജ് ജോസഫ് നരിക്കാട്ട്, ജോസുകുട്ടി ജോസഫ് അറയ്ക്കപ്പറമ്പിൽ, സാജു മാത്യു കാരമയിൽ, ബെന്നി ജോൺ കല്ലുപുരയ്ക്കൽ, റോയ് മാത്യു പുല്ലൻകുന്നേൽ, സബീന സക്കറിയാസ് മാത്തിപറമ്പിൽ, മേഴ്സി മാണി ചെറുകര, ലൗലി ബിനു വള്ളോംപുരയിടത്തിൽ, ഡയാനാരാജു ഓലിക്കൽ, സിജി ലൂക്ക്സൺ പടനമാക്കൽ, മേരിക്കുട്ടി അഗസ്റ്റ്യൻ വടക്കുംകര, ബിന്ദു ഷാജി കുന്നക്കാട്ട്, ലിസി ലൂക്കോസ് കുമ്പിളുമൂട്ടിൽ, ഫെലിക്സ് ജെയിംസ് വെട്ടുകാട്ടിൽ, കുറവിലങ്ങാട് ഭാരവാഹികളായ ബെന്നി കോച്ചേരി, ഷാജി പറപ്പുറം, ലില്ലിക്കുട്ടി മറ്റക്കാനയിൽ, ഫിലോമിന ജോളി പ്ലാവുനിൽക്കുന്നതിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകും.

കെ.ആർ. സുനിൽ ദേവസ്വം സ്പെഷൽ ഗവ. പ്ലീഡർ

കൊച്ചി: വിവാദത്തെ തുടർന്ന് കെ.ബി. പ്രദീപ് രാജിവച്ച ഒഴിവിൽ ഹൈക്കോടതിയിൽ ദേവസ്വം സ്പെഷൽ ഗവ. പ്ലീഡറായി കെ.ആർ. സുനിലിനെ നിയമിച്ചു. സർക്കാർ സ്പെഷൽ ഗവൺമെന്റ് പ്ലീഡറായി നിയമിച്ച കെ.ആർ. സുനിലിന് അഡ്വക്കേറ്റ് ജനറൽ ദേവസ്വത്തിന്റെ ചുമതല നൽകുകയായിരുന്നു.

അപേക്ഷ ക്ഷണിച്ചു

കൊച്ചി: പട്ടികജാതി വികസന വകുപ്പിന്റെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് പദ്ധതിയുടെ ആനുകൂല്യ വിതരണം സുഗമമായി നടത്തുന്നതിനായി സപ്പോർട്ടിംഗ് എൻജിനീയറിന്റെ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തേക്കാണ് നിയമനം.

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ബിടെക് (കമ്പ്യൂട്ടർ സയൻസ്/ ഐടി), എംസിഎ, എംഎസ്സി ഐടി അല്ലെങ്കിൽ എംഎസ്സി കമ്പ്യൂട്ടർ സയൻസ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധി 35 വയസ്. ഫോൺ: 0484 2422256.

ബഹുവിഷയ സർവകലാശാലയാകാനൊരുങ്ങി കുഫോസ്: വികസനരേഖ അവതരിപ്പിച്ചു

കൊച്ചി: കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല (കുഫോസ്) 2040ഓടെ ലോകോത്തര ബഹുവിഷയ വിദ്യാഭ്യാസ-ഗവേഷണ സ്ഥാപനമായി വളരുന്നതിനുള്ള സമഗ്ര വികസനരേഖയായ ഇൻസ്റ്റിറ്റ്യൂഷണൽ ഡെവലപ്മെന്റ് പ്ലാൻ പ്രകാശനം ചെയ്തു. മത്സ്യബന്ധനം, അക്വാകൾച്ചർ, സമുദ്രശാസ്ത്രം, ബ്ലൂ ഇക്കോണമി എന്നീ മേഖലകളിൽ രാജ്യത്തെ പ്രമുഖ വിജ്ഞാനകേന്ദ്രമായി കുഫോസിനെ ഉയർത്തുകയാണ് വികസനരേഖയുടെ ലക്ഷ്യം.

സർവകലാശാലയുടെ മുഖ്യ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഫിഷറീസ് മന്ത്രി വി.ഇ. അബ്ദുൾ ഗഫൂർ വികസനരേഖ പ്രകാശനം ചെയ്തു. കുഫോസ് വൈസ് ചാൻസലർ ഡോ. എ. ബിജുകുമാറിനെയും അധ്യാപകരായ ഡോ. രാജീവ് രാഘവൻ, ഡോ. ഗിരീഷ് ഗോപിനാഥ്, ഡോ. രാധിക രാജശ്രീ, ഡോ. അഭിലാഷ് ശശിധരൻ എന്നിവരെയും ആദരിച്ചു. ദീപക് ജോയ് എംഎൽഎ, മുൻ ഇന്ത്യൻ അംബാസഡർ വേണു രാജാമണി എന്നിവർ പങ്കെടുത്തു.

അടുത്ത 15 വർഷത്തേക്കുള്ള അക്കാദമിക് മികവ്, ഗവേഷണനേതൃത്വം, നവീകരണം, സുസ്ഥിര വികസനം, ആഗോള സഹകരണം എന്നിവയ്ക്കുള്ള സമഗ്ര റോഡ് മാപ്പാണു വികസനരേഖയെന്ന് വൈസ് ചാൻസലർ ഡോ. എ. ബിജുകുമാർ പറഞ്ഞു. എഐ അധിഷ്ഠിത ഭരണസംവിധാനം, വരുമാനസ്രോതസുകളിലൂടെ സ്വയംപര്യാപ്തത, ബഹുവിഷയ വിദ്യാഭ്യാസം തുടങ്ങി എട്ടു വികസനലക്ഷ്യങ്ങളാണുള്ളത്.

സംഗീത സംവിധായകൻ കൊച്ചിൻ അലക്സ് അന്തരിച്ചു



കൊച്ചിൻ അലക്സ്

കൊച്ചി: സംഗീത സംവിധായകൻ കൊച്ചിൻ അലക്സ് (82) അന്തരിച്ചു. ചെന്നൈയിലായിരുന്നു അന്ത്യം. മരട് കുണ്ടന്നൂർ നെടുംപറമ്പിൽ കുടുംബാംഗമാണ്. 1981ൽ പുറത്തിറങ്ങിയ 'നിയതികളെ ഞാൻ അകലെ' എന്ന മലയാള സിനിമയുടെ സംഗീത സംവിധായകനാണ്. 1985 ൽ പുറത്തിറങ്ങിയ മമ്മൂട്ടി ചിത്രം 'യാത്ര' യുടെ സംഗീത അണിയറയിലും പ്രവർത്തിച്ചിട്ടുണ്ട്. 'ഒരു സ്നേഹോപഹാരം' എന്ന ആൽബത്തിനു സംഗീതം നൽകി. സംസ്കാരം ചെന്നൈയിൽ നടക്കും. ദീർഘനാളായി ചെന്നൈയിൽ ആണ് താമസം.

ആറന്മുളയിൽ എയർ സ്ട്രിപ്പ് മാത്രം ലക്ഷ്യമെന്ന് മൗണ്ട് സിയോൺ ഗ്രൂപ്പ് ഉടമ

പത്തനംതിട്ട: ആറന്മുളയിൽ എയർ സ്ട്രിപ്പ് മാത്രമാണ് മൗണ്ട് സിയോൺ ഗ്രൂപ്പ് ലക്ഷ്യമിട്ടിരുന്നതെന്ന് ചെയർമാൻ ഡോ. ഏബ്രഹാം കലമണ്ണിൽ. മൗണ്ട് സിയോൺ എൻജിനീയറിംഗ് കോളജിൽ എയർ ക്രാഫ്റ്റ് എൻജിനീയറിംഗ് കോഴ്സ് നിലവിലുള്ള സാഹചര്യത്തിൽ കുട്ടികൾക്ക് പരിശീലനത്തിനായാണ് എയർ സ്ട്രിപ്പ് ലക്ഷ്യമിട്ടത്. ഇതേ ലക്ഷ്യത്തിലാണ് ആറന്മുളയിൽ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിനായി 2004ൽ നടപടികൾ ആരംഭിച്ചത്. പിന്നീട് ഇത് വിമാനത്താവളം പദ്ധതിയായി പരിണമിക്കുകയായിരുന്നു. വില കൊടുത്തു വാങ്ങിയ സ്ഥലമാണ് ആറന്മുളയിലേത്. ഇതുമായി ബന്ധപ്പെട്ട വിവാദങ്ങൾക്ക് അടിസ്ഥാനമില്ല. ഇനി സർക്കാരിന് ഇവിടെ വിമാനത്താവളം സ്ഥാപിക്കണമെങ്കിൽ ഭൂമി വിട്ടു നൽകാൻ തയാറാണെന്നും ഏബ്രഹാം കലമണ്ണിൽ പറഞ്ഞു.

ഉന്നതവിദ്യാഭ്യാസത്തിന് ഇഗ്നോ

തിരുവനന്തപുരം: മികവുറ്റ ഉന്നത വിദ്യാഭ്യാസം എല്ലാവർക്കും പ്രാപ്യമാക്കുന്ന സ്ഥാപനമാണ് ഇന്ദിരാ ഗാന്ധി നാഷണൽ ഓപൺ യൂണിവേഴ്സിറ്റി (ഇഗ്നോ). നാക് എ++ അംഗീകാരമുള്ള രാജ്യത്തെ ഓപൺ സർവകലാശാലകളിലൊന്നാണിത്. കല, ശാസ്ത്രം, മാനേജ്മെന്റ്, കംപ്യൂട്ടർ സയൻസ് തുടങ്ങി വിവിധ മേഖലകളിലായി മുന്നൂറിലധികം പ്രോഗ്രാമുകൾ ഇഗ്നൊ നൽകുന്നു. സർട്ടിഫിക്കറ്റ് കോഴ്സ് മുതൽ ഗവേഷണതല പഠനങ്ങൾവരെ വിദ്യാർഥികളുടെ ആവശ്യങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കാം. വർഷത്തിൽ രണ്ടുതവണ അഡ്മിഷൻ ലഭ്യമാകുന്നതിനാൽ ജോലി ചെയ്യുന്നവർക്കും പ്രവാസികൾക്കും സ്വന്തം സമയക്രമത്തിൽ പഠിക്കാൻ കഴിയും. യുജിസി മാർഗനിർദേശങ്ങൾ പ്രകാരം ഒരേ സമയം ഒന്നിലധികം കോഴ്സുകൾ പഠിക്കാനും അവസരമുണ്ട്.

തിരുവനന്തപുരം ഇഗ്നൊ റീജണൽ സെന്ററിന് കീഴിലുള്ള മാർ ഈവാനിയോസ് കോളജിലെ ഇഗ്നൊ സ്റ്റഡി സെന്ററാണ് അക്കാദമിക പിന്തുണയും സേവനങ്ങളും നൽകുന്ന പ്രധാന കേന്ദ്രം. ജൂലൈ സെഷനിലേക്കുള്ള അഡ്മിഷൻ പുരോഗമിക്കുകയാണെന്നും കൂടുതൽ വിവരങ്ങൾക്ക് ഇഗ്നൊ വെബ്സൈറ്റ് സന്ദർശിക്കുകയോ സ്റ്റഡി സെന്ററുമായി ബന്ധപ്പെടുകയോ ചെയ്യാമെന്നും ഇഗ്നൊ സ്റ്റഡി സെന്റർ കോ-ഓർഡിനേറ്റർ ഡോ. സുജു സി. ജോസഫ് അറിയിച്ചു.

സെന്റ് തെരേസാസ് കോളജിൽ ഡിപ്ലോമ കോഴ്സ്

കൊച്ചി: സെന്റ് തെരേസാസ് കോളജിൽ ജേർണലിസം ആൻഡ് പബ്ലിക് റിലേഷൻസിൽ ഒരു വർഷത്തെ ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നു. 45 ശതമാനത്തിൽ കുറയാത്ത മാർക്കുള്ള ബിരുദധാരികളായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അപേക്ഷിക്കാം. ഓഗസ്റ്റ് ആദ്യവാരം ക്ലാസ് ആരംഭിക്കും. ഫോൺ: 9995871199. ഇ-മെയിൽ: teresaspgdprj@gmail.com.

ഭാരതമാതായിൽ സ്പോട്ട് അഡ്മിഷൻ

കാക്കനാട്: തൃക്കാക്കര ഭാരതമാതാ കോളജിൽ (ഓട്ടോണമസ്) വിവിധ യുജി/ പിജി ഗവ. എയ്ഡഡ്, സെൽഫ് ഫിനാൻസിംഗ് പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷന് രജിസ്ട്രേഷൻ ആരംഭിച്ചു. ഫോൺ: 94467 62922, 90612 43486, 98466 66914.

ഓൾ ഇന്ത്യ സീനിയർ റാങ്കിംഗ് ബാഡ്മിന്റൺ ഫൈനൽ ഇന്ന്

കൊച്ചി: യോനക്സ് സൺറൈസ് ഓൾ ഇന്ത്യ സീനിയർ റാങ്കിംഗ് ബാഡ്മിന്റൺ ടൂർണമെന്റിന്റെ ഫൈനൽ ഇന്ന് രാവിലെ ഒൻപതിന് ആരംഭിക്കും. പുരുഷ സിംഗിൾസിൽ കർണാടകയുടെ തുഷാർ സുവീറും ഹരിയാനയുടെ മൻരാജ് സിംഗും തമ്മിലും വനിതാ സിംഗിൾസിൽ ഗുജറാത്തിന്റെ ശ്രേയ ലെലെയും ഉത്തർപ്രദേശിന്റെ മാൻസി സിംഗും തമ്മിലും മത്സരിക്കും.

പുരുഷ ഡബിൾസിൽ രാജസ്ഥാന്റെ മുഹമ്മദ് അമാൻ- മണിപ്പൂരിന്റെ ഡിങ്കു സിംഗ് കോന്തൗജാം സഖ്യം ആസാമിന്റെ സൂരജ് ഗോല- കർണാടകയുടെ നിക്കോളാസ് നാഥൻ സഖ്യത്തെ നേരിടും. വനിതാ ഡബിൾസിൽ കർണാടകയുടെ ശിവ ഗൗതം- അശ്വിനി ഭട്ട് സഖ്യം ഉത്തർപ്രദേശിന്റെ അദിതി ഭട്ട്- മഹാരാഷ്ട്രയുടെ ശിവാനി വലേകർ സഖ്യത്തെ നേരിടും.

മിക്സഡ് ഡബിൾസിൽ ഇന്ത്യൻ താരം അശ്വനി പൊന്നപ്പ- സതീഷ് കുമാർ സഖ്യം കർണാടകയുടെ അശിത് സൂര്യ- അമൃത സഖ്യവുമായി ഏറ്റുമുട്ടും.

മത്സരങ്ങൾക്ക് ശേഷം ഉച്ചയ്ക്ക് 12 ന് കായിക മന്ത്രി ഒ.ജെ. ജനീഷ് വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യും.

യോനക്സ് സൺറൈസ് ഓൾ ഇന്ത്യ സീനിയർ റാങ്കിംഗ് ബാഡ്മിന്റൺ ടൂർണമെന്റിന്റെ സെമിയിൽ ഇന്ത്യൻ താരം അശ്വിനി പൊന്നപ്പ- സതീഷ് കുമാർ സഖ്യം കേരളത്തിന്റെ ബ്യോൺ ജെയിംസൺ- കർണാടകയുടെ ദിയ ഭീമയ്യ സഖ്യത്തെ നേരിടുന്നു. മത്സരത്തിൽ അശ്വിനി പൊന്നപ്പ- സതീഷ് കുമാർ സഖ്യം 15-3, 15- 10 എന്ന സ്കോറിന് വിജയിച്ചു.

ചോറ്റാനിക്കര ക്ഷേത്രപരിസരത്ത് ശുചിത്വം ഉറപ്പാക്കൽ:

സമഗ്ര നടപടി സ്വീകരിക്കുമെന്ന് കൊച്ചിൻ ദേവസ്വം ബോർഡ്

കൊച്ചി: ചോറ്റാനിക്കര ഭഗവതി ക്ഷേത്ര പരിസരത്ത് ശുചിത്വം ഉറപ്പുവരുത്താൻ സമഗ്രമായ നടപടി സ്വീകരിക്കുമെന്ന് കൊച്ചിൻ ദേവസ്വം ബോർഡ് ഹൈക്കോടതിയിൽ. ക്ഷേത്ര വികസനത്തിന്റെ മാസ്റ്റർ പ്ലാൻ തയാറാക്കുന്ന നടപടികൾ പുരോഗമിക്കുകയാണെന്നും അറിയിച്ചു. ക്ഷേത്രപരിസരത്തെ ഡ്രെയ്നേജ് പരിഷ്കരണം, പുരംപറമ്പിൽ ഇന്റർലോക്ക് ടൈൽ, മാലിന്യ സംസ്കരണ പ്ലാന്റ്, ചുറ്റുമതിൽ നിർമാണം തുടങ്ങിയ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. കീഴ്ക്കാവ് ക്ഷേത്രത്തിലെ ശൗചാലയങ്ങളുടെ നവീകരണം, പടിഞ്ഞാറേ നടപ്പന്തലിലെയും കീഴ്ക്കാവ് തെക്കേ നടപ്പന്തലിലെയും പഴയ ആസ്ബറ്റോസ് ഷീറ്റുകൾ മാറ്റി ജിഐ ഷീറ്റുകൾ സ്ഥാപിക്കൽ എന്നിവയും പദ്ധതിയുടെ ഭാഗമാണ്. മാലിന്യ സംസ്കരണത്തിനായി ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ പ്ലാന്റ്, ഇൻസിനറേറ്റർ എന്നിവ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗതിയിലാണെന്നും വ്യക്തമാക്കി.

ബോർഡ് നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി ജസ്റ്റീസ് വി. രാജാ വിജയരാഘവൻ, ജസ്റ്റീസ് കെ.വി. ജയകുമാർ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് വിലയിരുത്തി. നിർമാണ പ്രവർത്തനങ്ങൾ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ച് ഗുണനിലവാരത്തോടെ പൂർത്തിയാക്കണമെന്ന് ദേവസ്വം അസി. എൻജിനീയർക്കും നോഡൽ ഓഫീസർക്കും കോടതി നിർദേശം നൽകി.

ഡിജെ പാർട്ടി നിയന്ത്രണം: ഹർജി 17ന്

കൊച്ചി: രാത്രി 11നു ശേഷം നടക്കുന്ന ഡിജെ പാർട്ടികൾ വിലക്കിയ ഉത്തരവ് ചോദ്യം ചെയ്യുന്ന ഹർജി ഹൈക്കോടതി 17ന് പരിഗണിക്കാൻ മാറ്റി.

പഞ്ചനക്ഷത്ര ഹോട്ടൽ നടത്തുന്ന തങ്ങൾക്ക് പുലർച്ചെ മൂന്നുവരെ മദ്യവില്പനയ്ക്ക് എക്സൈസ് ലൈസൻസുണ്ടായിരിക്കെ രാത്രി 11നുശേഷം വിലക്കേർപ്പെടുത്തിയ ഉത്തരവ് റദ്ദാക്കണമെന്നാവശ്യപ്പെട്ടാണു ഹർജി.

കൊച്ചിയിലെ റാഡിസൺ ബ്ലൂ ഹോട്ടൽ ലൈസൻസി ഉദയംപേരൂർ സ്വദേശി മഹാദേവൻ സമർപ്പിച്ച ഹർജിയാണ് കോടതിയുടെ പരിഗണനയിലുള്ളത്.

മാരുതി സുസുക്കി സർവീസ് കേന്ദ്രങ്ങൾ 6,000ത്തിലെത്തി

കൊച്ചി: മാരുതി സുസുക്കിയുടെ രാജ്യത്തെ സർവീസ് ടച്ച് പോയിന്റുകളുടെ എണ്ണം 6,000ത്തിലെത്തി. കോഴിക്കോട് ടച്ച് പോയിന്റ് ഉദ്ഘാടനം ചെയ്തതോടെയാണ് ഈ നേട്ടം. കോയ റോഡിലുള്ള പുതിയ അത്യാധുനിക സർവീസ് കേന്ദ്രത്തിന് 1,820 ചതുരശ്ര മീറ്റർ വിസ്തീർണമുണ്ട്.

ഇവിടെ വാഹന സർവീസിനൊപ്പം ബോഡി റിപ്പയർ, ഇലക്ട്രിക് വാഹന സർവീസ്, ചാർജിംഗ് സൗകര്യങ്ങളും ലഭിക്കും. രാജ്യത്തെ 3,000ത്തിലധികം നഗരങ്ങളിലാണ് മാരുതി സുസുക്കിയുടെ സർവീസ് ശൃംഖല പ്രവർത്തിക്കുന്നതെന്നു കമ്പനി അറിയിച്ചു.

എൽജി റോബോട്ടിക്സ് ബിസിനസ് സെന്റർ തുടങ്ങും

കൊച്ചി: റോബോട്ടിക്സ് രംഗത്തെ വാണിജ്യവത്കരണത്തിന് ആവശ്യമായ കാര്യങ്ങൾ ഏകോപിപ്പിക്കാൻ എൽജി ഇലക്ട്രോണിക്സ് റോബോട്ടിക്സ് ബിസിനസ് സെന്റർ സ്ഥാപിക്കുന്നു. ബിസിനസ് ഡെവലപ്മെന്റ്, സപ്ലൈ ചെയിൻ, മാനുഫാക്ചറിംഗ് ഓപ്പറേഷൻസ് തുടങ്ങിയ പ്രധാന മികവുകളെ ഒന്നിപ്പിച്ചുകൊണ്ടാണ് റോബോട്ടിക്സ് ബിസിനസ് സെന്റർ ഒരുക്കുന്നത്.

സിഇഒ ല്യു ജെ. ചിയോളിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായിരിക്കും പുതിയ സ്ഥാപനം പ്രവർത്തിക്കുക. ഭാവിയിലെ തങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ബിസിനസ് മേഖലയായി റോബോട്ടിക്സിനെ വളർത്തിയെടുക്കാനുള്ള ശ്രമങ്ങളുടെ ഭാഗമാണ് ബിസിനസ് സെന്ററെന്ന് അധികൃതർ അറിയിച്ചു.

ആസ്റ്ററിൽ ടെലിറോബോട്ടിക് സർജറി വിജയം

കൊച്ചി: കേരളത്തിലെ ആദ്യത്തെ ടെലിറോബോട്ടിക് യൂറോളജി ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി ആസ്റ്റർ മെഡ്സിറ്റി. പ്രോസ്റ്റേറ്റ് കാൻസർ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന അത്യാധുനിക ശസ്ത്രക്രിയയായ റോബോട്ട് അസിസ്റ്റഡ് റാഡിക്കൽ പ്രോസ്റ്ററ്റെക്ടമി (ആർഎആർപി) ആണ് കൊല്ലം സ്വദേശിയായ 70കാരനിൽ നടത്തിയത്.

ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ ആസ്റ്റർ മെഡ്സിറ്റിയിലെ യൂറോ ഓങ്കോളജി ആൻഡ് ട്രാൻസ്പ്ലാന്റ് സർജറി സീനിയർ കൺസൾട്ടന്റ് ഡോ. ടി.എ. കിഷോർ ഗുജറാത്തിലെ വാപിയിലുള്ള മെറിൽ അക്കാദമിയിൽ ഇരുന്നാണ് രണ്ടു മണിക്കൂർ നീണ്ട ശസ്ത്രക്രിയ നിയന്ത്രിച്ചത്.

മെറിൽ മിസോ റോബോട്ട് ഉപയോഗിച്ച് നടത്തിയ ശസ്ത്രക്രിയയിൽ ഡോ. കിഷോർ നൽകിയ ചലനങ്ങൾ നെറ്റ്‌വർക്ക് കണക്ഷൻ വഴി തത്സമയം കേരളത്തിലെ രോഗിയെ ഓപ്പറേറ്റ് ചെയ്യുന്ന റോബോട്ടിക് കൈകളിലേക്ക് കൈമാറി.

റോബോട്ടിക് സർജിക്കൽ ആൻഡ് അനസ്തേഷ്യ ടീം കൊച്ചിയിൽ രോഗിയുടെ പൊസിഷനിംഗ്, പോർട്ട് പ്ലേസ്മെന്റ്, റോബോട്ടിക് സിസ്റ്റം ഡോക്കിംഗ്, ഉപകരണങ്ങൾ മാറ്റൽ, നിരന്തര നിരീക്ഷണം തുടങ്ങിയ നിർണായക ചുമതലകൾ നിർവഹിച്ചു.

ശസ്ത്രക്രിയയ്ക്ക് ശേഷം സുഖം പ്രാപിച്ച രോഗി മൂന്ന് ദിവസങ്ങൾക്കകം ആശുപത്രി വിട്ടു.

എൻ. പരമേശ്വരൻ നായർ പുരസ്കാരം എസ്. മോഹൻദാസിന്

എസ്. മോഹൻദാസ്

മൂവാറ്റുപുഴ: മൂവാറ്റുപുഴയുടെ പ്രഥമ മുൻസിപ്പൽ ചെയർമാൻ എൻ. പരമേശ്വരൻ നായരുടെ സ്മരണാർഥം എൻ. പരമേശ്വരൻ നായർ ചാരിറ്റബിൾ ട്രസ്റ്റ് പുരസ്കാരം മൂവാറ്റുപുഴയുടെ ചരിത്രകാരൻ എസ്. മോഹൻദാസിന്. 17ന് വൈകുന്നേരം അഞ്ചിന് മൂവാറ്റുപുഴ ഹൗസിംഗ് സഹകരണ സംഘം ഓഡിറ്റോറിയത്തിൽ നടക്കുന്ന എൻ. പരമേശ്വരൻ നായർ അനുസ്മരണ ചടങ്ങിൽ പുരസ്കാരം സമർപ്പിക്കും.

സിപിഐ ജില്ലാ സെക്രട്ടറി എൻ. അരുൺ സമ്മേളനം ഉദ്ഘാടനം ചെയ്യും. മുൻ എംഎൽഎമാരായ ബാബു പോൾ, എൽദോ ഏബ്രഹാം, അമ്മ സംഘടനയുടെ ജനറൽ സെക്രട്ടറി കുക്കു പരമേശ്വരൻ, ഡോ. എസ്. വിനോദ് തുടങ്ങിയവർ പങ്കെടുക്കും.

ഡോ. പി. മുഹമ്മദലി ഇൻമെക്ക് ചീഫ് പേട്രൻ

ഡോ. പി. മുഹമ്മദലി

കൊച്ചി: പ്രമുഖ പ്രവാസി വ്യവസായിയും ഗൾഫാർ ഗ്രൂപ്പ് കമ്പനികളുടെ സ്ഥാപകനുമായ ഡോ. പി. മുഹമ്മദലി ഇൻഡോ ഗൾഫ് ആൻഡ് മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കൊമേഴ്സ് (ഇൻമെക്ക്) ചീഫ് പേട്രനായി നിയമിതനായി.

ഇൻമെക്ക് ചെയർമാൻ ഡോ. എൻ.എം. ഷറഫുദ്ദീന്റെ അധ്യക്ഷതയിൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗമാണ് അദ്ദേഹത്തെ നിയമിച്ചത്. ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളെയും മിഡിൽ ഈസ്റ്റ് രാജ്യങ്ങളെയും ബന്ധിപ്പിച്ച് വ്യവസായ വാണിജ്യ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഇൻമെക്ക്.

'അമ്മ'യിലെ പ്രശ്നങ്ങൾ അവസാനിപ്പിക്കണം: കസവ്

കൊച്ചി: ചലച്ചിത്ര താര സംഘടനയായ അമ്മയിലുണ്ടായ ആഭ്യന്തര പ്രശ്നങ്ങളും തെറ്റിദ്ധാരണകളും എത്രയും വേഗം പരിഹരിക്കണമെന്ന് സിനിമ ആൻഡ് സീരിയൽ വ്യൂവേഴ്സ് അസോസിയേഷൻ (കസവ്). ലക്ഷക്കണക്കിന് ആളുകളുടെ ജീവിതമാർഗമായ ഈ മേഖലയെ സംരക്ഷിക്കാൻ ഭാരവാഹികൾ മുന്നോട്ടുവരണമെന്ന് കസവ് സംസ്ഥാന പ്രസിഡന്റ് മൊയ്തീൻ ഷാ പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു. വൈസ് പ്രസിഡന്റുമാരായ കെ.കെ. വാമലോചനൻ, എസ്.എസ്. സേഥി, ജനറൽ സെക്രട്ടറി അരുൺ ഗോപിനാഥ് തുടങ്ങിയവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

കനിവ് - 108 പദ്ധതിയിൽ സർവീസ് നടത്തുന്നത് 315 ആംബുലൻസുകൾ

സ്വന്തം ലേഖിക

കൊച്ചി: സംസ്ഥാനത്ത് കനിവ് - 108 ആംബുലൻസ് പദ്ധതിക്ക് കീഴിൽ സർവീസ് നടത്തുന്നത് 315 ആംബുലൻസുകൾ. കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിന്റെ കണക്കുകൾ പ്രകാരം എറണാകുളം, തൃശൂർ, മലപ്പുറം ജില്ലകളിലാണ് കൂടുതൽ ആംബുലൻസുകളുള്ളത്. കുറവ് വയനാട് ജില്ലയിലും.

കേരള സർക്കാരിന്റെ സമഗ്ര ട്രോമ കെയർ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന സൗജന്യ ആംബുലൻസ് ശൃംഖലയാണ് കനിവ് - 108. അപകടങ്ങളിൽപ്പെടുന്നവർക്കും മറ്റ് അത്യാഹിത രോഗികൾക്കും വേഗത്തിൽ അടിയന്തര ചികിത്സയും ആശുപത്രി സേവനവും ഉറപ്പാക്കുകയാണ് ലക്ഷ്യം.

സെല്ലാ സ്പെയിസ് ലിമിറ്റഡ്

CIN: L93000KL1991PLC006207
57/2993, ശ്രീകൈലാസ്, പാലിയം റോഡ്, എറണാകുളം, കൊച്ചി - 16
Tel No.0484-2382182, Email:secretary@sreekailas.com, Website:www.sreekailas.com
2026 ജൂൺ 30ന് അവസാനിച്ച പാദത്തിലെയും ത്രൈമാസത്തിലെയും ഓഡിറ്റ് ചെയ്യാത്ത സാമ്പത്തിക ഫലങ്ങളുടെ വിശദാംശങ്ങൾ (Rs. in Lakhs)

പർട്ടികുലേഴ്സ്	സ്റ്റാൻഡ്‌ലോൺ Unaudited Quarter ending 30.06.2026	Unaudited Quarter ending 30.06.2025	Audited Quarter ending 31.03.2026
പ്രവർത്തനത്തിൽനിന്നുള്ള മൊത്തം വരുമാനം (നെറ്റ്)	1,762.17	335.82	577.98
സാധാരണ പ്രവർത്തനങ്ങളിൽനിന്നുള്ള മൊത്തവരുമാനം (നികുതിക്ക് മുമ്പുള്ള)	959.89	134.81	352.31
നികുതിക്ക് ശേഷമുള്ള കാലയളവിലെ അറ്റാദായം/നഷ്ടം	728.70	134.81	337.23
ഈ കാലയളവിലെ മൊത്തം സമഗ്രവരുമാനവും മറ്റ് സമഗ്ര വരുമാനവും (നികുതിക്ക് ശേഷം)	728.70	134.81	342.40
പെയ്ഡ് അപ് ഇക്വിറ്റി ഓഹരി മൂലധനം (ഫെയ്സ് വാല്യു 10 രൂപ)	2015.12	2015.12	2015.12
റിസർവ്സ് (എക്സ്ക്ലൂഡിംഗ് റിവാല്യുവേഷൻ റിസർവ്)			
ഏണിംഗ് പെർ ഷെയർ (10 രൂപ വീതം)			
-ബേസിക്	3.62	0.67	1.67
-ഡയല്യൂട്ടഡ്	3.62	0.67	1.67
പ്രവർത്തനത്തിൽനിന്നുള്ള വരുമാനം	1,653.31	182.02	530.94
കുറവ്: നേരിട്ടുള്ള ചെലവുകൾ	710.61	1.51	1.33
	942.70	180.51	529.61

കുറിപ്പ്: 2015-ലെ സ്റ്റോക്ക് എക്സേഞ്ചിലെ ത്രൈമാസ/വാർഷിക സാമ്പത്തിക ഫലങ്ങളുടെ വിശദമായ ഫോർമാറ്റിന്റെ സംഗ്രഹമാണ് മുകളിൽ. ത്രൈമാസ/വാർഷിക സാമ്പത്തിക ഫലങ്ങളുടെ പൂർണ ഫോർമാറ്റ് www.bseindia.com ലും ലഭ്യമാണ്.

തീയതി: 13.07.2026
സ്ഥലം: കൊച്ചി

സെല്ലാ സ്പെയിസ് ലിമിറ്റഡിനുവേണ്ടി (ഒപ്പ്)
എസ്. രാജ്കുമാർ
വൈസ് ചെയർമാൻ & മാനേജിങ് ഡയറക്ടർ

E2607-597360

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്- ദർഘാസ് പരസ്യം

എക്സിക്യൂട്ടീവ് എൻജിനീയർ കാര്യാലയം, പി.എം.യു, & സി എസ് ഒ, പവർ ഹൗസ്, തിരുവനന്തപുരം
ഇ-ടെൻഡർ ID: 2026_KSEB_859387_1 അടങ്കൽ തുക: 30,43,256/- രൂപ അവസാന തീയതി: 21.07.2026 05.00 pm

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ കാര്യാലയം, ടിസി സബ് ഡിവിഷൻ, തൃശ്ശൂർ
ഇ-ടെൻഡർ ID: 2026_KSEB_860113_1 അടങ്കൽതുക: 29,15,994/- രൂപ അവസാന തീയതി: 29.07.2026 03.00 pm

ദർഘാസ് ദീർഘിപ്പിക്കൽ പരസ്യം
ചീഫ് എൻജിനീയർ കാര്യാലയം, (ട്രാൻസ്മിഷൻ നോർത്ത്), കോഴിക്കോട്
ഇ-ടെൻഡർ ID: 2026_KSEB_860039_1 അടങ്കൽതുക: 33,97,500/- രൂപ അവസാന തീയതി: 27.07.2026 03.00 pm

ദർഘാസ് പ്രമാണങ്ങൾക്ക് www.etenders.kerala.gov.in വിശദ വിവരങ്ങൾക്ക് www.kseb.in
PR/MC1/C-529/ E-tender/26-27
R2607-597341

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
വാർത്താക്കുറിപ്പ്

ബോർഡിന്റെ (എറണാകുളം ഡിവിഷൻ) വർക്കിംഗ് വിമെൻസ് ഹോസ്റ്റലിൽ വിവിധ തസ്തികകളിൽ കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനായുള്ള ഇന്റർവ്യൂ 22.07.2026 തീയതി ബുധനാഴ്ച പകൽ 11.30 ന് എറണാകുളം ഡിവിഷൻ ഓഫീസിൽ വച്ച് നടത്തപ്പെടുന്നു. എറണാകുളം ജില്ലയിൽ ഉള്ളവർക്ക് മുൻഗണന. അപേക്ഷകൾ ഇ-മെയിലായും അയക്കാവുന്നതാണ്. ഇ-മെയിൽ അയക്കുമ്പോൾ അപേക്ഷിക്കുന്ന തസ്തികയുടെ പേര് സൂചിപ്പിക്കേണ്ടതാണ്. തസ്തികകളും ഒഴിവുകളുടെ എണ്ണവും താഴെ പറയുന്നു. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പരിലോ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലോ പ്രവൃത്തി സമയത്തോ ബന്ധപ്പെടാവുന്നതാണ്. 1.)തസ്തിക: ഹോസ്റ്റൽ വാർഡൻ (കാക്കനാട്). ഒഴിവുകളുടെ എണ്ണം 1. ശമ്പളം 8250/-. 2.)തസ്തിക: അസിസ്റ്റന്റ് കുക്ക്. ഒഴിവുകളുടെ എണ്ണം 1. ശമ്പളം 7500/-. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി: 21/07/2026. യോഗ്യത: എസ്.എസ്.എൽ.സി. ഫോൺ: 0484-2369059. ഇമെയിൽ: [illegible]

(ഒപ്പ്)
എക്സിക്യൂട്ടീവ് എഞ്ചിനീയർ

KSHB-HO/158/2024-PR2
R2607-597373